ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.11.2026 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. ആയുർവേദത്തിന് അന്താരാഷ്ട്ര അംഗീകാരം ലഭിക്കുന്നതിൽ കേരളത്തിൻറെ പങ്ക് വലുതാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേരള സന്ദർശനത്തിനെത്തിയ രാഷ്ട്രപതി നാളെ ഏഴിമല നാവിക അക്കാദമിയിലെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യാതിഥിയാകും.

President Droupadi Murmu stated that Kerala has played a significant role in gaining international recognition for Ayurveda. The President, who arrived on a visit to Kerala, will be the chief guest at the passing out parade at the Ezhimala Naval Academy tomorrow.

2. തിങ്കളാഴ്ച ആരംഭിക്കുന്ന ലോക്സഭ സമ്മേളനത്തിൽ സുപ്രധാനമായ ബില്ലുകൾ അവതരിപ്പിക്കുമെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു.

Union Minister for Parliamentary Affairs Kiren Rijiju announced that important bills will be introduced during the Lok Sabha session beginning on Monday.

3. ഇന്ത്യൻ മഹാസമുദ്ര മേഖലയുടെ സുരക്ഷയ്ക്കും വികസനത്തിനും 'വിഷൻ മഹാസാഗർ' നിർണായകമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

External Affairs Minister S. Jaishankar stated that 'Vision SAGAR' is crucial for the security and development of the Indian Ocean region.

4. 2030 ഓടെ ബാലവിവാഹ വിമുക്ത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി അന്നപൂർണ്ണ ദേവി.

Union Minister Annapurna Devi affirmed the government's commitment to achieving the goal of a 'child-marriage-free India' by 2030.

5. കേരളത്തിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

The India Meteorological Department has predicted that rain will continue in Kerala; a 'yellow alert' has been issued for seven districts today.

6. വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ- മലേഷ്യയെ നേരിടുന്നു.

India will face Malaysia in the semi-finals of the Women's Asian Champions Trophy hockey tournament.

&&&&&&&&&&&&&&&&&&&&&

PRESIDENTS KERALAM VISIT -AYURVEDA-INTRO

ആയുർവേദത്തിന് അന്താരാഷ്ട്ര അംഗീകാരവും പ്രശസ്തിയും കിട്ടുന്നതിൽ കേരളം വഹിച്ച പങ്ക് വലുതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. തൃശൂരിൽ വൈദ്യരത്നം ആയുർവേദ കോളേജിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. പഞ്ചകർമയിൽ കൂടുതൽ ഗവേഷണങ്ങൾക്ക് കേരളം മുൻകൈ എടുക്കണമെന്നും ശ്രീമതി ദ്രൗപതി മുർമു പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഗവർണർ ഓം പ്രകാശ് മാഥൂർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ കെ. മുരളീധരൻ, റോജി എം. ജോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&

PRESIDENT VISIT-2

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ രാഷ്ട്രപതിയെ നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഗവർണർ, മുഖ്യമന്ത്രി, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. തുടർന്ന് കാലടിയിൽ ശങ്കരാചാര്യരുടെ ജന്മസ്ഥലം സന്ദർശിച്ച രാഷ്ട്രപതി വൈകുന്നേരം ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലും ദർശനം നടത്തി. നാളെ രാവിലെ ഏഴിമല നാവിക അക്കാദമിയിലെ പാസിംഗ് ഔട്ട് പരേഡിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. ഉച്ചയോടെ രാഷ്ട്രപതി മിസോറാമിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&&&

INDIA-EU FTA

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡിസംബർ 16-ന് ഒപ്പുവെക്കും. പ്രധാനമന്ത്രിയുടെ ബ്രസൽസ് സന്ദർശന വേളയിൽ ഔദ്യോഗികമായി ഒപ്പുവെക്കുമെന്ന് യൂറോപ്യൻ യൂണിയൻ അംബാസഡർ ജീൻ-എറിക് പാക്വെറ്റ് അറിയിച്ചു. കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തിയായതായും ഒപ്പുവയ്ക്കലിനുശേഷം കരാർ യൂറോപ്യൻ പാർലമെന്റിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

BAL VIVAH MUKT BHARAT

ബാലവിവാഹം സാമൂഹിക അനാചാരം മാത്രമല്ല, കുട്ടികളുടെ നേരെയുള്ള വെല്ലുവിളിയുമാണെന്ന് കേന്ദ്ര വനിതാ

ശിശുവികസന മന്ത്രി അന്നപൂർണ്ണ ദേവി. ന്യൂഡൽഹിയിൽ ബാലവിവാഹമുക്ത ഭാരതം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ. 2030 ഓടെ ബാലവിവാഹ വിമുക്ത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ബാലവിവാഹo തടയുന്നതിന് ജനപങ്കാളിത്തവും ബോധവൽക്കരണവും അനിവാര്യമാണെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

RIJIJU- PARLIAMENT SITTINGS (INTRO)

തിങ്കളാഴ്ച ആരംഭിക്കുന്ന ലോക്സഭയുടെ നാല് ദിവസത്തെ സമ്മേളനത്തിൽ സർക്കാർ സുപ്രധാനമായ ബില്ലുകൾ അവതരിപ്പിക്കുമെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. ഡിസംബർ രണ്ടിന് ആരംഭിക്കുന്ന രാജ്യസഭാ സമ്മേളനത്തിലും ഈ ബില്ലുകൾ അവതരിപ്പിക്കുമെന്ന് പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കളുമായി ചർച്ച നടത്തിയതായും എല്ലാ പാർട്ടികളുടെയും സഹകരണം അഭ്യർത്ഥിച്ചതായും റിജിജു പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&

SC-DEEPAM

തമിഴ്നാട് മധുരയിലെ തിരുപ്പറങ്കുണ്ട്രം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ കാർത്തിക ദീപം തെളിയിക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് ചീഫ് സെക്രട്ടറി, ഡി.ജി.പി, മധുര കളക്ടർ എന്നിവർക്കെതിരെ സുപ്രീം കോടതി കോടതിയലക്ഷ്യ നോട്ടീസ്

അയച്ചു. കോടതി ഉത്തരവ് ഉണ്ടായിരുന്നിട്ടും ദീപം തെളിയിക്കാത്തതിനെ തുടർന്നാണ് നടപടി. ക്ഷേത്രത്തിലെ ട്രസ്റ്റി ബോർഡിനെയും കോടതി സസ്പെൻഡ് ചെയ്തു. ഉച്ചെപിള്ളയാർ മണ്ഡപത്തിൽ നിന്നും തിരുപ്പറങ്കുൻട്രം ദീപത്തൂണിൽ നാളെ ദീപം തെളിയിക്കാനും കോടതി ഉത്തരവിട്ടു. തമിഴ്നാട് ചീഫ് സെക്രട്ടറിയോട് നേരിട്ട് ഹാജരാകാൻ കോടതി ആവശ്യപ്പെട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

SC-CASTE CERTIFICATE

അമ്മയുടെ ജാതി അടിസ്ഥാനമാക്കി ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സുപ്രീം കോടതി. ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് നിർദ്ദേശം. അമ്മയ്ക്ക് കുട്ടിയുടെ സംരക്ഷണച്ചുമതലയുള്ള കേസുകളിൽ ഈ വിഷയത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് കോടതി നിരീക്ഷിച്ചു. കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണിയോട് വിഷയം പരിശോധിക്കാനും, ഇതിലുൾപ്പെട്ട നിയമപരവും ഭരണഘടനാപരവുമായ ചോദ്യങ്ങളിൽ കോടതിയെ സഹായിക്കാനും സുപ്രീം കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

57TH IFFI

57-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനമാകും. മേളയുടെ എട്ടാം ദിവസമായ ഇന്ന് 'ദ ലെജൻഡറി 25' എന്ന പേരിൽ പ്രത്യേക മാസ്റ്റർക്ലാസ് നടന്നു. പനാജി കലാ അക്കാദമിയിൽ നടന്ന പരിപാടിയിൽ

സംവിധായകരായ ഫർഹാൻ അക്തർ, അശുതോഷ് ഗോവാരിക്കർ, മധുർ ഭണ്ഡാർക്കർ എന്നിവർ തങ്ങളുടെ വിഖ്യാത ചിത്രങ്ങളായ ദിൽ ചാഹ്താ ഹേ, ലഗാൻ, ചാന്ദ്നി ബാർ എന്നിവ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഓർമ്മകൾ പങ്കുവെച്ചു.

&&&&&&&&&&&&&&&&&&&&

MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി മൻ കീ ബാത്തിലേക്ക് ഇന്ന് കൂടി ആശയങ്ങളും നിർദേശങ്ങളും അറിയിക്കാം. MyGov ഓപ്പൺ ഫോറത്തിലോ,1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ അറിയിക്കാവുന്നതാണ്. 'മൻ കീ ബാത്തിൻറെ 140 -ാാം പതിപ്പ് മറ്റന്നാൾ പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&&&

JAISHANKAR - IORA MEET-INTRO

ഇന്ത്യൻ മഹാസമുദ്ര മേഖലയുടെ സുരക്ഷയ്ക്കും വികസനത്തിനും 'വിഷൻ മഹാസാഗർ' നിർണായകമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ആഗോള വ്യാപാരം, ഊർജ്ജ സുരക്ഷ, കണക്റ്റിവിറ്റി, സാമ്പത്തിക അഭിവൃദ്ധി എന്നിവയുടെ കേന്ദ്രബിന്ദുവാണ് ഇന്ത്യൻ മഹാസമുദ്രമെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ മന്ത്രിതല കൗൺസിൽ യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അംഗരാജ്യങ്ങൾ തമ്മിലുള്ള ഏകോപനത്തിലൂടെയും പ്രായോഗിക സഹകരണത്തിലൂടെയും IORA-യുടെ

കൂട്ടായ ശബ്ദം ശക്തിപ്പെടുത്തണമെന്നും ജയ്ശങ്കർ ചൂണ്ടിക്കാട്ടി.

(വോയ്സ്)

&&&&&&&&&&&&&&&&&&&&

MANOHAR LAL- POWER MINISTER CONF.

വൈദ്യുതി മേഖലയിൽ ഇന്ത്യ സ്വയംപര്യാപ്തതയിലേക്കെന്ന് കേന്ദ്ര ഊർജ്ജമന്ത്രി മനോഹർ ലാൽ. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത വിജയകരമായി നിറവേറ്റാൻ ഇന്ത്യയ്ക്ക് സാധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഊർജ്ജ മന്ത്രിമാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. അയൽരാജ്യങ്ങളിലേക്ക് വൈദ്യുതി കയറ്റുമതി ചെയ്യാൻ കഴിയും വിധം അധിക ഉൽപ്പാദന ശേഷി രാജ്യത്തിനുണ്ടെന്നും ശ്രീ മനോഹർ ലാൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

LEGISLATIVE ASSEMBLY SESSION

16-ആം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. ഡിസംബർ 10 വരെ ഒമ്പത് ദിവസമാണ് സഭ സമ്മേളിക്കുക. പൂർണമായും നിയമനിർമാണ കാര്യങ്ങൾക്ക് വേണ്ടിയാണ് സഭാ സമ്മേളനം.

&&&&&&&&&&&&&&&&&&&&

RAIN KERALAM

കേരളത്തിൽ ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

HOCKEY

വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ-മലേഷ്യയെ നേരിടുന്നു. ഭോപ്പാലിലെ നാഥു ബർഖേഡ സ്പോർട്സ് കോംപ്ലക്സിലാണ് മത്സരം. ജപ്പാനും ചൈനയും തമ്മിലാണ് രണ്ടാം സെമി.

&&&&&&&&&&&&&&&&&&&&

CRICKET

ക്രൈസ്റ്റ്ചർച്ചിൽ ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ന്യൂസിലൻഡ് 5 വിക്കറ്റ് നഷ്ടത്തിൽ 246 റൺസ് എന്ന നിലയിൽ. ടോസ് നേടിയ ഇന്ത്യ, ന്യൂസിലൻഡിനെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&

KASI THAMIZHSANGAMAM

അഞ്ചാമത് കാശി - തമിഴ് സംഗമത്തിന് നാളെ ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കമാകും. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. 'തിരുക്കുറൾ പഠിക്കാം' എന്ന പ്രമേയത്തിൽ നടക്കുന്ന പരിപാടിയിലൂടെ തിരുക്കുറലിന്റെ കാലാതീതമായ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. തമിഴ്നാട്ടിൽ നിന്ന് 1,400 പേർ

വാരാണസി, പ്രയാഗ്‌രാജ്, അയോധ്യ എന്നിവിടങ്ങൾ സന്ദർശിക്കും. അടുത്ത മാസം 12 വരെയാണ് കാശി - തമിഴ് സംഗമം.

&&&&&&&&&&&&&&&&&&&&

PUNJAB-PAK INTRUDER SHOT DEAD

പഞ്ചാബിലെ പത്താൻകോട്ട് അന്താരാഷ്ട്ര അതിർത്തിയിൽ പാകിസ്ഥാൻ നുഴഞ്ഞുകയറ്റക്കാരനെ അതിർത്തി രക്ഷാ സേന വധിച്ചു. ഇന്ന് പുലർച്ചെ രണ്ട് മണിയോടെ പഹാഡിപ്പൂർ ബോർഡർ ഔട്ട് പോസ്റ്റിന് സമീപമായിരുന്നു സംഭവം. സൈനികരുടെ മുന്നറിയിപ്പ് അവഗണിച്ച് ഇന്ത്യൻ അതിർത്തിയിലേക്ക് കടന്നുകയറിയതിനെ തുടർന്നാണ് ബി.എസ്.എഫ് വെടിയുതിർത്തതെന്ന് അധികൃതർ അറിയിച്ചു. സംഭവത്തിൽ പത്താൻകോട്ട് പോലീസ് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&

&&&